# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1406 | 11.06.2019-ന് മറുപടിയ്ക്ക് |
|---|---|

## തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് വസ്തു ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി; എത്ര സെന്റ് വസ്തുവാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടത്; | (എ) | തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡ് വികസനത്തിന് വസ്തു ഏറ്റെടുക്കുന്നതിനായി 27/11/2018-ലെ G.O (Rt) No.1841/2018/PWD പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 5% കണ്ടിജൻസി ചാർജ്, അലൈൻമെന്റ് സ്കെച്ച് എന്നിവ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (ബി) | ഏറ്റെടുക്കേണ്ട വസ്തുവിന്റെ സർവ്വേ നമ്പരും അളവും ഉടമകളുടെ പേരും ലഭ്യമാക്കാമോ; | (ബി) | വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 30, 32 ൽ സർവ്വെ നമ്പർ 293/3, 83/11, 84/4, 84/3, 84/1, 312/5 എന്നീ നമ്പരുകളിൽ നിന്നായി ഏകദേശം 0.0675 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുണ്ട്. വസ്തു ഉടമകളുടെ വിവരം ലഭ്യമായിട്ടില്ല. |
| (സി) | വസ്തു ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ? | (സി) | അർത്ഥനാധികാരി 5% കണ്ടിജൻസി ചാർജും അലൈൻമെന്റ് സ്കെച്ചും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ